**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** | **29-09-2025 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ തുടങ്ങിയവ ലക്ഷ്യമിട്ട് ജൈവകൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്ന മറ്റ് കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>കേരളത്തിലെ പൊതുസമൂഹത്തിലും കർഷകരിലും സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ അവബോധം സൃഷ്ടിച്ച് പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങളുടെ ഫലപ്രദമായ വിപണി ഇടപെടലുകളിലൂടെ കർഷക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമാണ് 26/10/2023 ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം ജൈവകാർഷിക മിഷൻ രൂപീകരിച്ചത്.<br><br>**ജൈവ കാർഷിക മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ**<br><br>• പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.<br>• കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന കാർഷിക മുറകൾ നടപ്പിലാക്കുക.<br>• സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.<br>• "ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് |

| | | | |
|---|---|---|---|
| | | | വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക.<br>• ജൈവകൃഷിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.<br>• ജൈവ കൃഷിയ്ക്ക് ആവശ്യമായ ഉല്പാദനോപാധികളുടെ പ്രാദേശികമായി ഉല്പാദനം ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.<br>• ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.<br>• ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടി ക്രമങ്ങളും വികസിപ്പിക്കുക.<br>• കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.<br>• ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുക.<br>• എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളേയും FPO കളേയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.<br>• ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.<br>• കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10%-ൽ കുറയാത്ത സ്ഥലത്ത് ജൈവ കൃഷി ആരംഭിക്കുക. |
| (ബി) | ജൈവകൃഷി മിഷന്റെ ഭാഗമായി ജൈവകൃഷി വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജൈവകൃഷിയും ഉത്തമ കൃഷി രീതികളും പദ്ധതി |

| | | | |
|---|---|---|---|
| | | | ജൈവകൃഷി വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. ജൈവകൃഷി ക്ലസ്റ്ററുകളുടെ രൂപീകരണം, ജൈവ സർട്ടിഫിക്കേഷനുള്ള സഹായം. കൃഷിയിടങ്ങളിൽ ജൈവ വളങ്ങളുടെയും ജൈവ ഉൽപാദനോപാധികളുടെയും ഉൽപാദനം, കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റിനുള്ള അധിക സഹായം, ജൈവ വളയൂണിറ്റുകൾക്കുള്ള സഹായം, പി.ജി.എസ്. സർട്ടിഫൈഡ് ഉൽപ്പന്നങ്ങൾക്കുള്ള പിന്തുണ എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജൈവകൃഷി വ്യാപകമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി **(BPKP)** യുടെ ഭാഗമായി കർഷകർക്ക് പരിശീലനം, കിസാൻ മേള പോലുള്ള ജൈവ കൃഷി പ്രോത്സാഹന പ്രചരണ പരിപാടികൾ, കൃഷിയിട സന്ദർശനം തുടങ്ങിയവ നടത്തി വരുന്നു. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും വിത്തുല്പാദനപ്ലോട്ടുകളും, മാതൃക കൃഷിത്തോട്ടങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന നടത്തുന്നതിനും PGS India Organic സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | ജൈവകൃഷിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന വിവിധ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും മിഷന്റെ ഭാഗമാക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റു വികസന പദ്ധതികൾ പ്രസ്തുത മിഷനുകീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും, ഭാരതീയ പ്രകൃതി കൃഷി പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ദേശീയ ബയോഗ്യാസ് പദ്ധതി, കാർഷിക യന്ത്രവത്കരണ ഉപപദ്ധതി, സംസ്ഥാന വിള ആരോഗ്യ പദ്ധതി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ, പച്ചക്കറി വികസന പദ്ധതി, ലാബുകളുടെ നവീകരണം, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനം തുടങ്ങിയ പദ്ധതികളുടെ ഏകോപനം സാദ്ധ്യമാക്കുന്ന ഘടകങ്ങൾ ജൈവ കാർഷിക മിഷനു കീഴിൽ ഏകോപിപ്പിച്ചാണ് നടപ്പിലാക്കി വരുന്നത്.<br><br>പദ്ധതി നിർവഹണത്തിൽ ത്രിതല പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടു പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വേണ്ടി ആവശ്യമായ ഭേദഗതികൾ തദ്ദേശ ഭരണ സ്ഥാപന പദ്ധതി |

| | | | |
|---|---|---|---|
| | | | മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• ജൈവ കാർഷിക മിഷന്റെ കാർഷിക പ്രവർത്തനങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുവാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ പഞ്ചായത്തിലും നിലമൊരുക്കൽ, ജലസേചന സൗകര്യങ്ങൾ ഒരുക്കൽ വളം നിർമ്മാണത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങി മറ്റു കാർഷിക പ്രവർത്തികളിൽ എല്ലാം ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പിന്തുണ ഉറപ്പാക്കുന്നുണ്ട്.<br><br>•ജൈവ കാർഷിക ഉത്പാദനോപാധികൾ കൃഷിയിടങ്ങളിൽ കർഷക കൂട്ടായ്മയിലൂടെ നിർമിക്കുന്നതിന് ആത്മപദ്ധതിയുടെ ഘടകങ്ങളിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷനും രൂപീകരിച്ചിട്ടുണ്ട്. ജൈവ കാർഷിക മിഷന്റെ ഉപമിഷനായാണ് ടി മിഷൻ പ്രവർത്തിക്കുന്നത്. |
| (ഡി) | ജൈവകൃഷി മിഷന്റെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് കൃഷി മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു 14 ജില്ലകളിലായി 601 കൃഷിയിടങ്ങൾക്ക് നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) സ്കോപ്പ് സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിച്ചിട്ടുണ്ട്. കർഷകരുടെ ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഈ പ്രവർത്തനം സഹായകമായിട്ടുണ്ട്. 1000 കൃഷിയിടങ്ങൾക്ക് എൻ.പി.ഒ.പി സർട്ടിഫിക്കേഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്.<br><br>കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടി 18008.254 ഹെക്ടറിലെ 57402 കർഷകർ അംഗങ്ങളായ 1543 ഗ്രൂപ്പുകൾക്ക് PGS Green സർട്ടിഫിക്കറ്റ് നാളിതുവരെ നൽകുവാനും സാധിച്ചിട്ടുണ്ട്.<br><br>ജൈവകാർഷിക മിഷന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ ആരോഗ്യ ഭക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താൻ കഴിയുന്നുണ്ട്. കൂടുതൽ കർഷകർ ജൈവമാർഗ്ഗത്തിലൂടെ കൃഷി ചെയ്യുവാൻ തയ്യാറാകുകയും അവർക്കാവശ്യമായ ശാസ്ത്രീയ |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങളും കൃഷി സ്ഥലങ്ങളുടെ സർട്ടിഫിക്കേഷനും നൽകുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കൃഷിക്കൂട്ടങ്ങളുടെ 26 മൂല്യവർധിത ജൈവ കാർഷിക ഉൽപ്പന്നങ്ങൾക്ക് ജൈവസാക്ഷ്യപ്പെടുത്തലോടു കൂടി "കേരളഗ്രോ ഗ്രീൻ, കേരളഗ്രോ ഓർഗാനിക്" എന്നീ ബ്രാൻഡുകളിൽ പുറത്തിറക്കി. നിലവിൽ ഇവയുടെ വിപണനം 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെയും 14 ഹോർട്ടികോർപ് പ്രീമിയം ഔട്‌ലെറ്റുകളിലൂടെയും റീറ്റെയ്ൽ ഔട്ട് ലെറ്റുകളിലൂടെയും മില്ലറ്റ് കഫേകൾ മുഖേനയും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ